No.CEE/1133/5LLB-2021/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2021 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2021–22 അദ്ധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിൽ കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേയ്ക്കും, 19 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 09.10.2021 ന് ആരംഭിച്ചു.

വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Integrated Five Year LL.B 2021 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **09.10.2021** മുതൽ **16.10.2021 വൈകുന്നേരം 5.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **16.10.2021 വൈകുന്നേരം 5.00 മണി** വരെ ലഭ്യമാകുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **18.10.2021**–ന് പ്രസിദ്ധീകരിക്കുന്നതാണ്.

വിവിധ കാരണങ്ങളാൽ പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരം വിദ്യാർത്ഥികൾ **14.10.2021** വൈകുന്നേരം **4.00** മണിക്കകം മതിയായ രേഖകൾ വെബ്സൈറ്റിലൂടെ അപ്ലോഡ് ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഇ–മെയിൽ, തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 09.10.2021 | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| **16.10.2021 5.00 മണി** | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **18.10.2021** | **ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ ഹാജരാകേണ്ട സമയവും ഒടുക്കേണ്ട ഫീസ് സംബന്ധിച്ച വിവരവും പിന്നീട് വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്. | |

**DETAILS OF LAW COLLEGES INCLUDED CENTRALISED ALLOTMENT PROCESS (CAP)**

| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
|---|---|---|---|---|---|
| **GOVERNMENT LAW COLLEGES** | | | | | |
| 1 | TVL | GOVT. LAW COLLEGE, THIRUVANANTHAPURAM | LB | BA. LL.B | 120 |
| 2 | EKL | GOVT. LAW COLLEGE, ERNAKULAM | LN | B.com. LL.B (Hons) | 60 |
| 3 | TCL | GOVT. LAW COLLEGE, THRISSUR | LA | BBA. LL.B | 60 |
| 4 | KKL | GOVT. LAW COLLEGE, KOZHIKODE | LA | BBA. LL.B | 120 |

**PRIVATE SELF FINANCING LAW COLLEGES**

| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
|---|---|---|---|---|---|
| 1 | ATL | AL AZHAR LAW COLLEGE, THODUPUZHA, IDUKKI | LN<br>LO<br>LP | B.Com LLB (Hons)<br>BBA LLB(Hons)<br>BA. LL.B (Hons) | 60<br>60<br>60 |
| 2 | AIL | AMBOOKAN ITTUP MEMORIAL (AIM) COLLEGE OF LAW, POYYA P.O., THRISSUR | LO | BBA.LLB (Hons) | 60 |
| 3 | CEL | CSI COLLEGE FOR LEGAL STUDIES, ETTUMANOOR, KOTTAYAM | LP | BA. LL.B (Hons) | 60 |
| | | | LN | B.Com LL.B (Hons) | 60 |
| 4 | SEL | SREE NARAYANA LAW COLLEGE, POOTHOTTA, ERNAKULAM | LP | BA. LL.B (Hons) | 60 |
| | | | LO | BBA. LL.B (Hons) | 60 |
| 5 | BAL | BHARATA MATA SCHOOL OF LEGAL STUDIES, ALUVA EAST, CHUNANGAMVELI, ERNAKULAM | LP | BA. LL.B(Hons) | 60 |
| | | | LO | BBA. LL.B (Hons) | 120 |
| | | | LN | B.Com LL.B (Hons) | 60 |
| 6 | GYL | GURU NITHYA CHAITHANYA YATHI COLLEGE OF LAW & RESEARCH CENTRE, KAYAMKULAM | LB | BA. LL.B | 60 |
| 7 | CPL | CSI INSTITUTE OF LEGAL STUDIES, CHERUVARAKONAM, TRIVANDRUM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B.Com LL.B | 60 |
| 8 | CTL | CO-OPERATIVE SCHOOL OF LAW, THODUPUZHA, IDUKKI | LO | BBA. LL.B (Hons) | 120 |
| | | | LN | B.Com LL.B (Hons) | 60 |
| 9 | KML | KMCT LAW COLLEGE, MALAPPURAM | LA<br>LN | BBA. LL.B<br>B.Com LLB (Hons) | 110<br>120 |
| 10 | GNL | MAR GREGORIOS COLLEGE OF LAW, NALANCHIRA, TRIVANDRUM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B.Com LL.B | 60 |
| 11 | MKL | MARKAZ LAW COLLEGE, KARANTHUR, KOZHIKODE | LA | BBA. LLB | 60 |
| 12 | MCL | MCT COLLEGE OF LEGAL STUDIES, MELMURI, MALAPPURAM | LA | BBA.LLB | 60 |
| 13 | MZL | MOUNT ZION LAW COLLEGE, KADAMANITTA, PATHANAMTHITTA | LN | B Com. LL.B (Hons) | 60 |
| 14 | NCL | NEHRU ACADEMY OF LAW, LAKKIDI, PALAKKAD | LO | BBA.LLB (Hons) | 60 |
| 15 | NKL | NSS LAW COLLEGE, KOTTIYAM, KOLLAM | LB | BA. LL.B | 60 |
| 16 | SKL | SREE NARAYANA GURU COLLEGE OF LEGAL STUDIES, KOLLAM | LB | BA. LL.B | 60 |
| | | | LA | BBA. LL.B | 60 |
| | | | LC | B Com. LL.B | 60 |
| 17 | PKL | THE KERALA LAW ACADEMY LAW COLLEGE, THIRUVANANTHAPURAM | LC | B Com. LL.B | 60 |
| 18 | KEL | V R KRISHNAN EZHUTHACHAN LAW COLLEGE, PALAKKAD | LO | BBA.LL.B (Hons) | 60 |
| 19 | AAL | AL AMEEN LAW COLLEGE, SHORNUR, PALAKKAD | LO | BBA. LL.B (Hons) | 40 |

* കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താത്ക്കാലികവും സർക്കാരിന്റെ/ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെയും ബാർകൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനും ഉത്തരവിനും വിധേയവുമായിരിക്കും.

**ഫീസ്:**

2021–22 **അദ്ധ്യയന വർഷത്തെ ഫീസ് ഘടന സർക്കാർ ഉത്തരവിന് വിധേയമായിരിക്കും.**

| കോളേജുകൾ | ഫീസ് |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | **വാർഷിക ട്യൂഷൻ ഫീസ്** - 1,575/- രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജ് **(ഗവൺമെന്റ് സീറ്റ്)** | **വാർഷിക ട്യൂഷൻ ഫീസ്** – 30,000/- രൂപ<br>സ്പെഷ്യൽ ഫീസ് – 5,000/-<br>കോഷൻ ഡെപ്പോസിറ്റ് – 5,000/-<br>തിരികെ ലഭിക്കുന്ന നിക്ഷേപം – 50,000/- രൂപ |

അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് **6** ൽ പറയുന്ന അക്കാദമിക യോഗ്യത നേടിയിരിക്കണം.

## അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:

1. വിദ്യാർത്ഥിയുടെ ഡാറ്റാ ഷീറ്റ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
3. എസ്.എസ്.എൽ.സി/ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ/ജനന സർട്ടിഫിക്കറ്റ്/പാസ്സ്പോർട്ട് എന്നിവയിൽ ഒന്നിന്റെ അസ്സൽ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത നാല് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾ/ബാങ്ക് എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്തോ ആദ്യ സെമസ്റ്റർ പരീക്ഷയ്ക്ക് മുമ്പോ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
10. നേറ്റിവിറ്റി/സംവരണം/ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ.
11. പ്രോസ്പെക്ടസ്/വിജ്ഞാപനങ്ങൾ/അലോട്ട്മെന്റ് മെമ്മോ എന്നിവയിൽ പറഞ്ഞിട്ടുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ/രേഖകൾ.

**കുറിപ്പ്:** 1. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.
2. അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ നൽകാൻ പാടുള്ളതല്ല.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
09.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**